"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ-ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ സിവിൽ എഞ്ചിനീയറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിതയായ ശ്രീമതി. കവിത ബി. എസ്-ന്റെ അന്യത്രസേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.358/2022/LSGD തീയതി,തിരുവനന്തപുരം, 18-02-2022

---

പരാമർശം:- 1. സ.ഉ(സാധാ)നം.438/2021/ത.സ്വ.ഭ.വ തീയതി. 15/02/2021.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21/01/2022 തീയതിയിലെ E3/11063/2016/CE/LSGD(Vol II) നമ്പർ നിരാക്ഷേപ പത്രം.

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 31/01/2022 തീയതിയിലെ LM 4/10/2017/LIFE/HQ/Est. നമ്പർ കത്ത്.

<u>ഉത്തരവ്</u>

17/02/2021 മുതൽ ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ സിവിൽ എഞ്ചിനീയർ ആയി അന്യത്ര സേവന വ്യവസ്ഥയിൽ പരാമർശം (1) ഉത്തരവ് പ്രകാരം സേവനമനുഷ്ഠിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ(കോട്ടയം നഗരസഭ) ശ്രീമതി. കവിത ബി. എസ്-ന്റെ അന്യത്ര സേവന കാലാവധി 16/02/2022-ൽ അവസാനിക്കുകയാണെന്നും ലൈഫ് മിഷനിൽ വിവിധ ജില്ലകളിൽ പ്രീഫാബ് സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള ഭവന സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും ടി പ്രവർത്തനങ്ങളുടെ ഏഴ് ജില്ലകളിലെ മേൽനോട്ട ചുമതല ശ്രീമതി. കവിത ബി. എസ് ആണ് നിർവഹിക്കുന്നതെന്നും ആയതിനാൽ ശ്രീമതി. കവിത ബി.എസ്-ന്റെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ടിയാൾ തുടർന്നും ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ സിവിൽ എഞ്ചിനീയർ ആയി സേവനമനുഷ്ഠിക്കുന്നതിന് എതിർപ്പില്ലെന്നറിയിച്ചു കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം നിരാക്ഷേപ പത്രം സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ സിവിൽ എഞ്ചിനീയർ ആയി സേവനമനുഷ്ഠിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ(കോട്ടയം നഗരസഭ) ശ്രീമതി. കവിത ബി. എസ്-ന്റെ അന്യത്രസേവനം 17/02/2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ , തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി. കവിത ബി. എസ്. അസിസ്റ്റന്റ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖാന്തിരം)
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് & ന്യൂ മീഡിയ വിംഗ്, ഐ& പിആർഡി, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reen

സെക്ഷൻ ഓഫീസർ